www.societytodaynews.com
2024 OCTOBER 25 FRIDAY
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഡാന തീരം തൊട്ടു; ഒഡിഷയിലെ 16 ജില്ലകൾക്ക് മിന്നൽ പ്രളയ മുന്നറിയിപ്പ്

## കനത്ത മഴ തുടരുന്നു



**ഭുവനേശ്വർ:** ഡാന ചുഴലിക്കാറ്റ് തീരം തൊട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ 16 ജില്ലകൾക്ക് മിന്നൽ പ്രളയ മുന്നറിയിപ്പ് നൽകി ഒഡിഷ ഭരണകൂടം. പശ്ചിമ ബംഗാൾ, ഒഡിഷ തീരങ്ങളിൽ ശക്തമായ കാറ്റാണ് അനുഭവപ്പെടുന്നത്. ഭദ്രക്ക് ഉൾപ്പടെയുള്ള മേഖലകളിൽ ശക്തമായ മഴയും തുടരുകയാണ്. ഇതുവരെ ആളപായമില്ലെന്ന റിപ്പോർട്ടാണ് പുറത്തുവരുന്നത്. സംസ്ഥാനത്തെ ഏത് സാഹചര്യവും നേരിടാൻ തയ്യാറാണെന്ന് ഒഡിഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി വ്യക്തമാക്കി.മണിക്കൂറിൽ 110 കിലോമീറ്റർ വേഗതയിൽ വീശിയടിക്കുന്ന കൊടുങ്കാറ്റ് മേഖലയിലുടനീളം കനത്ത മഴയും ശക്തമായ കാറ്റും സൃഷ്ടിക്കുകയാണ്. ധമാര ജില്ലയിൽ നിന്ന് ഏകദേശം 20 കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന ചുഴലിക്കാറ്റ് വടക്കൻ ഒഡീഷയ്ക്ക് കുറുകെ പടിഞ്ഞാറ്വടക്കുപടിഞ്ഞാറായി നീങ്ങുകയും ഇന്ന് ഉച്ചയോടെ ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിക്കുന്നത്. കനത്ത മഴയ്ക്ക് പിന്നാലെ വൻസബ, ഭദ്രക്, ധമ്ര എന്നിവയുൾപ്പെടെ നിരവധി പ്രദേശങ്ങളിൽ കനത്ത നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

ഡാന ചുഴലിക്കാറ്റ് സാഹചര്യത്തിൽ ഒഡീഷയിലെയും പശ്ചിമ ബംഗാളിലെയും സ്കൂളുകൾക്കും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വെള്ളിയാഴ്ച അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കൊൽക്കത്ത വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ വ്യാഴാഴ്ച വൈകുന്നേരം 6 മുതൽ വെള്ളിയാഴ്ച രാവിലെ 9 വരെയും ഭുവനേശ്വർ വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ വ്യാഴാഴ്ച വൈകുന്നേരം 5 മുതൽ വെള്ളിയാഴ്ച രാവിലെ 9 വരെയും നിർത്തിവച്ചിട്ടുണ്ട്. രണ്ട് സംസ്ഥാനങ്ങളിലൂടെയുള്ള 400ഓളം ട്രെയിൻ സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്.ഒഡിഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി ഭുവനേശ്വറിലെ സ്റ്റേറ്റ് എമർജൻസി കൺട്രോൾ റൂമിൽ സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണ്. മന്ത്രിമാരും മറ്റ് എല്ലാ ഉദ്യോഗസ്ഥരും സ്ഥലത്തെ സ്ഥിതിഗതികൾ വിലയിരുത്തുകയും എല്ലാ ക്രമീകരണങ്ങളും നിലവിലുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതയും ഹൗറയിലെ കൺട്രോൾ റൂമിൽ നിന്ന് സ്ഥിതിഗതികൾ നിരീക്ഷിക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും വ്യാഴാഴ്ച രാത്രി ഒഡിഷ മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിക്കുകയും ഡാന ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് ചോദിച്ചറിഞ്ഞു. കൊടുങ്കാറ്റിനെ നേരിടാൻ ഒഡിഷ സർക്കാരിന് കേന്ദ്രത്തിൽ നിന്നുള്ള എല്ലാ പിന്തുണയും സഹായവും പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പുനൽകി.ഒഡിഷയിൽ, ദാന ചുഴലിക്കാറ്റിനെത്തുടർന്നുള്ള മുൻകരുതൽ നടപടിയായി ഇതുവരെ 5.84 ലക്ഷം ആളുകളെ ഒഴിപ്പിച്ചതായി സർക്കാർ അറിയിച്ചു.



# രാജധാനിയെ വെല്ലും വന്ദേഭാരത് സ്ലീപ്പർ കോച്ചുകൾ; ചിത്രങ്ങൾ പുറത്തുവിട്ട് റെയിൽവെ

**ചെന്നൈ:** ഇതാദ്യമായി വന്ദേഭാരത് സ്ലീപ്പർ കോച്ചുകളുടെ ചിത്രങ്ങൾ പുറത്തുവിട്ട് അധികൃതർ. രാജധാനി ട്രെയിനുകളുടെ വെല്ലുന്ന സൗകര്യങ്ങളാണ് വന്ദേഭാരത് സ്ലീപ്പർ കോച്ചുകളിലുള്ളത്. 800 മുതൽ 1,200 കിലോമീറ്റർ വരെയുള്ള യാത്രകൾക്കാണ് സ്ലീപ്പർ ട്രെയിൻ പരിഗണിക്കുക. 11 ത്രീ ടയർ എസി കോച്ചുകൾ, നാല് ടു ടയർ എസി കോച്ചുകൾ, ഒരു ഫസ്റ്റ് ക്ലാസ് കോച്ച് എന്നിങ്ങനെ 823 യാത്രക്കാരെ ഉൾക്കൊള്ളുന്ന ഇവയുടെ നിർമാണ ചെലവ് 12 കോടി രൂപയാണ്.

പൂർണമായും ശീതികരിച്ച, അത്യാധുനിക സൗകര്യങ്ങളുള്ള വന്ദേഭാരത് ട്രെയിൻ ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയുടെ സഹകരണത്തോടെ (ഐസിഎഫ്) ഭാരത് എർത് മൂവേഴ്സ് ലിമിറ്റഡ് (ബിഇഎംഎൽ) ആണ് നിർമിക്കുന്നത്. കൂട്ടിയിടി ഒഴിവാക്കാൻ കവച് സംവിധാനം, ഡ്രൈവർ ക്യാബിനിലേക്കുള്ള എമർജൻസി ടോക്ക് ബാക്ക് യൂണിറ്റ്, ജിപിഎസ് അടിസ്ഥാനമാക്കിയുള്ള എൽഇഡി ഡിസ്പ്ലേ, ഇന്റഗ്രേറ്റഡ് റീഡിങ് ലൈറ്റ്, വിശാലമായ ലഗേജ് റൂം, ചാർജിങ് സോക്കറ്റുകൾ, വിഷ്വൽ ഇൻഫോർമേഷൻ സംവിധാനം തുടങ്ങിയ സൗകര്യങ്ങളെല്ലാം കോച്ചുകളിലുണ്ട്.ബയോ വാക്വം ടോയ്‌ലറ്റുകൾ, ചൂടുവെള്ളത്തിൽ കുളിക്കാനുള്ള സൗകര്യം, സിസിടിവി, പാസഞ്ചർ അനൗൺസ്മെന്റ് സംവിധാനം എന്നിവയും പ്രത്യേകതയാണ്. ഓട്ടോമാറ്റിക് ഇൻ്റർകണക്ടിങ് ഡോറുകളുമുണ്ട്. മുകളിലെ ബെർത്തിൽ കയറാനായി പ്രത്യേകം രൂപകൽപന ചെയ്ത ഗോവണിയും ദിവ്യാംഗർക്ക് ഉപയോഗിക്കാനാകും വിധത്തിലുള്ള സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. ബിഇഎംഎല്ലുമായി സഹകരിച്ച് 10 റേക്കുകൾ കൂടി നിർമിക്കുമെന്ന് ഐസിഎഫ് ജനറൽ മാനേജർ സുബ്ബ റാവു അറിയിച്ചു.

# സഞ്ജീവ് ഖന്ന സുപ്രീം കോടതി ചീഫ് ജസ്റ്റിസ്; സത്യപ്രതിജ്ഞ നവംബർ 11ന്



**ന്യൂഡൽഹി:** രാജ്യത്തിൻറെ അമ്പത്തൊന്നാം ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്നയെ നിയമിച്ചു. നവംബർ 10ന് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് വിരമിക്കും. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് വിരമിക്കുന്ന ഒഴിവിലാണു നിയമനം.

നവംബർ 11ന് ജസ്റ്റിസ് ഖന്ന സത്യപ്രതിജ്ഞ ചെയ്യും. 65 വയസാണു വിരമിക്കൽ പ്രായം. അതിനാൽ, 2025 മേയ് 13 വരെയേ ജസ്റ്റിസ് ഖന്നയ്ക്ക് തൽസ്ഥാനത്തു തുടരാനാകൂ. സുപ്രീം കോടതിയുടെ 51ാം ചീഫ് ജസ്റ്റിസായി സഞ്ജീവ് ഖന്ന ചുമതലയേൽക്കുന്നത്.

പിൻഗാമിയായി അടുത്ത ചീഫ് ജസ്റ്റിസ് പദവിയിലേക്ക് ജസ്റ്റിസ് സഞ്ജീവ് ഖന്നയുടെ പേര് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് കേന്ദ്ര സർക്കാരിന് നേരത്തെ ശുപാർശ ചെയ്തിരുന്നു. നിലവിൽ സുപ്രീം കോടതിയിലെ മുതിർന്ന രണ്ടാമത്തെ ജഡ്ജിയാണ് സഞ്ജീവ് ഖന്ന.



# 2 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ 2 ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു. പാലക്കാട് പുതുക്കോട് കുടുംബാരോഗ്യ കേന്ദ്രം 94.97% സ്കോറും, വയനാട് മുപ്പൈനാട് കുടുംബാരോഗ്യ കേന്ദ്രം 96.68% സ്കോറും നേടിയാണ് എൻ.ക്യു.എ.എസ്. നേടിയത്. ഇതോടെ സംസ്ഥാനത്തെ 189 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 82 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 128 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്.

8 വിഭാഗങ്ങളായി 6,500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് ഒരു ആശുപത്രിയെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നത്. എൻ.ക്യു.എ.എസ്. അംഗീകാരത്തിന് 3 വർഷത്തെ കാലാവധിയാണുള്ളത്. 3 വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് 2 ലക്ഷം രൂപാ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ഇതും കൂടുതൽ ആശുപത്രി വികസനത്തിന് സഹായിക്കും.



# ദൃശ്യ വിരുന്നൊരുക്കാൻ കുടുംബശ്രീ കനസ് ജാഗ ചലച്ചിത്രമേള

**കൊച്ചി:** കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന തദ്ദേശീയ മേഖലയിലെ കുട്ടികളുടെ ഹ്രസ്വ ചലച്ചിത്രമേള കനസ് ജാഗ സെന്റ് തെരേസാസ് കോളജിൽ നടക്കും. ഒക്ടോബർ 26, 27 തിയതികളിലായി നടക്കുന്ന മേള തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. മേളയിൽ 103 സിനിമകൾ പ്രദർശിപ്പിക്കും. ഇന്ത്യയിൽ ആദ്യമായാണ് തദ്ദേശീയ മേഖലയിലെ കുട്ടികളുടെ നേതൃതത്തിൽ ഇത്തരത്തിൽ ഒരു ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നത്. പരിപാടിയിൽ ഐക്യ രാഷ്ട്ര സംഘടന, ടാലന്റ് ബുക്ക് ഓഫ് വേൾഡ് റെക്കോഡ്സ് എന്നിവയുടെ പ്രതിനിധികളും പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

ആകെ അഞ്ചു വേദികളിലായായി സംഘടിപ്പിക്കുന്ന പരിപാടിയിൽ നാലു വേദികളിൽ ഹ്രസ്വചലച്ചിത്ര പ്രദർശനവും ഒരു വേദിയിൽ സെമിനാറും സംഘടിപ്പിക്കും. സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ സെമിനാറുകളിൽ പങ്കെടുക്കും. ഹ്രസ്വ ചലച്ചിത്രങ്ങൾ ആസ്വദിക്കുന്നതിനും സെമിനാറുകളിൽ പങ്കെടുക്കുന്നതിനും പൊതുജനങ്ങൾക്കും അവസരമുണ്ട്. ഹ്രസ്വ ചലച്ചിത്രങ്ങൾ തയ്യാറാക്കിയ അഞ്ഞൂറോളം കുട്ടികളും അനിമേറ്റർമാർ, ബ്രിഡ്ജ് സ്കൂൾ അധ്യാപകർ എന്നിവർ ഉൾപ്പെടെ ആകെ രണ്ടായിരത്തോളം പേർ മേളയിൽ പങ്കെടുക്കും .തദ്ദേശീയരായ കുട്ടികൾ തയ്യാറാക്കിയ കഥകൾ തിരക്കഥകൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള കനസ് ജാഗപുസ്തക പ്രകാശനവും,അനിമേറ്റർമാർ, അനിമേറ്റർ കോർഡിനേറ്റർമാർ ബ്രിഡ്ജ് സ്കൂൾ അധ്യാപകർ എന്നിവർ പങ്കെടുക്കുന്ന അധ്യാപക സംഗമവും മേളയുടെ ഭാഗമായി സംഘടിപ്പിക്കും.

തദ്ദേശീയ മേഖലയിലെ ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ശാക്തീകരണത്തിനായും മാനസികവും ബൗദ്ധികവുമായ ഉന്നമനത്തിനു വെണ്ടിയും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്. കുടുംബശ്രീ ഈ രംഗത്ത് നടപ്പാക്കുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് 'കനസ് ജാഗ' (സ്വപ്ന സ്ഥലം).

ബോധവൽക്കരണ പ്രവർത്തനങ്ങൾ കൊണ്ടു മാത്രം ഈ മേഖലയിലെ സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് കനസ് ജാഗ സംഘടിപ്പിക്കുന്നത്.

കുട്ടികൾ കണ്ടെത്തുന്ന പ്രശനങ്ങളും ഉപാധികളും ക്രിയാത്മകമായ മാധ്യമത്തിലൂടെ അവതരിപ്പിക്കാൻ ഇതിലൂടെ സാധിക്കും. ആശയ രൂപീകരണം, കഥ, തിരക്കഥ തയ്യാറാക്കൽ, ചിത്രീകരണം എന്നിവയെല്ലാം കുട്ടികൾ തന്നെയാണ് നിർവഹിച്ചത്. അത്തരത്തിൽ തയ്യാറാക്കിയ ചിത്രങ്ങളാണ് മേളയിലൂടെ പ്രദർശിപ്പിക്കുന്നത്. ഹ്രസ്വ ചലച്ചിത്ര നിർമാണവുമായി ബന്ധപ്പെട്ട് 30 മുതൽ 50 കുട്ടികൾ വരെ ഉൾപ്പെടുന്ന നൂറോളം ബാച്ചുകളിലായി ആകെ മൂവായിരത്തോളം കുട്ടികൾക്ക് കുടുംബശ്രീ പ്രത്യേക പരിശീലനം നൽകി. ഓരോ ബാച്ചിൽ നിന്നും കുട്ടികളുടെ നേതൃത്വത്തിൽ ഓരോ ഹ്രസ്വ ചലച്ചിത്രം വീതമാണ് നിർമിച്ചിട്ടുള്ളത്.

ഓരോ വ്യക്തിയും ജീവിക്കുന്ന ഇടം, അവിടുത്തെ കാലാവസ്ഥ, കാലാവസ്ഥാ വ്യതിയാനങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ കുട്ടികളുടെ അവകാശങ്ങൾ എന്നിവ സ്വയം തിരിച്ചറിയുന്നതിനും. പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് കുട്ടികളെ സ്വയം പ്രാപ്തരാക്കുന്നതോടൊപ്പം സമഗ്രമായ വ്യക്തിത്വ വികാസവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ചലച്ചിത്രമേളയുമായി ബന്ധപ്പെട്ട് എറണാകുളം പ്രസ് ക്ലബ് കോൺഫറൻസ് ഹാളിൽ ചേർന്ന പത്ര സമ്മേളനത്തിൽസോഷ്യൽ ഇൻക്ളൂഷൻ ആന്റ് സോഷ്യൽ ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ ഡോ.ബി ശ്രീജിത്ത്, പ്രോഗ്രാം മാനേജർ അരുൺ പി.രാജൻ,ഇൻസ്റ്റിറ്റിയൂഷൻ ബിൽഡിങ്ങ് ആന്റ് കപ്പാസിറ്റി ബിൽഡിങ്ങ് ,പ്രോഗ്രാം ഓഫീസർ കെ യു ശ്യാം കുമാർ, ജില്ലാ മിഷൻ കോഓർഡിനേറ്റർ റജീന ടി.എം, ജില്ലാ മിഷൻ അസിസ്റ്റന്റ് കോഓർഡിനേറ്റർ കെ.സി അനുമോൾ എന്നിവർ പങ്കെടുത്തു.

മേളയുടെ പ്രചരണാർത്ഥം നൂൽപുഴ ആദിവാസി സമഗ്ര വികസ പദ്ധതി, ആനിമേറ്റർ പി വി രാജു എഴുതിയ പണിയ ഭാഷയിലുള്ള തീം സോംഗ് പ്രകാശനം ചെയ്തു.

# അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൽ വിദ്യാർത്ഥികളുടെ ഫോട്ടോഗ്രാഫി മത്സരം

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിലെ വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ നടത്തുന്ന വാർഷിക ഫോട്ടോഗ്രാഫി പ്രദർശനമായ 'ക്യാമറ സ്പീക്ക്സ് 2024' ഇന്ന് അവസാനിക്കും. മൂന്നു ദിവസം നീണ്ടു നിന്ന പരിപാടി ചന്തു സലിംകുമാർ ഉൽഘാടനം ചെയ്തു. വന്യജീവി ഫോട്ടോഗ്രാഫർ എൻ എ നസീർ, ക്യാംപസ് ഡയറക്ടറും ഡീനുമായ ഡോ. യു.കൃഷ്ണകുമാർ, വിഷ്വൽ മീഡിയ വിഭാഗം മേധാവി ഡോ. ഹരികൃഷ്ണൻ ഡി, അധ്യാപകനായ ശ്രീ. കൃഷ്ണകുമാർ എം എ. തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

2005 ൽ തുടങ്ങിയ ക്യാമറ സ്പീക്സിന്റെ പത്തൊൻപതാം പതിപ്പാണ് ഇത്തവണത്തേത്. Fantsay എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഇക്കൊല്ലത്തെ പ്രദർശനവും മത്സരവും . ഹോളിവുഡ് ചിത്രമായ അവതാറിന്റെ സെറ്റിന്റെ മാതൃകയിൽ വിദ്യാർഥികൾ തയ്യാറാക്കിയ മിനിയേച്ചർ, സർപ്പക്കാവ് എന്നിവയാണ് ഇത്തവണ മുഖ്യ ആകർഷണം നേടിയത്. Fanasty എന്ന ആശയത്തെ അടിസ്ഥാനമാക്കി വിദ്യാത്ഥികൾക്കായി ഫോട്ടോഗ്രാഫി മത്സരവും പ്രദർശനവും ഇതിനൊപ്പം സംഘടിപ്പിച്ചിരുന്നു.

# കറുകപ്പിള്ളി കള്ളായി പാടശേഖരം കതിരണിയും

**കോലഞ്ചേരി:** പൂതൃക്ക പഞ്ചായത്തിലെ കറുകപ്പിള്ളിയിൽ 15 വർഷമായി തരിശ് കിടന്ന കള്ളായി പാടശേഖരം കതിരണിയും. കൃഷിഭവന്റെ സഹായത്തോടെ മുൻ പഞ്ചായത്തംഗം എ കെ മാധവന്റെ നേതൃത്വത്തിലാണ് രണ്ട് ഏക്കർ തരിശു നിലത്തിൽ കൃഷിയിറക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ ജങ്കാർ ഉപയോഗിച്ച് ഇരുവശങ്ങളിലുമുള്ള കാടുകൾ നീക്കുന്നതിന്റെ ഉദ്ഘടനം ജില്ലാ പഞ്ചായത്തംഗം ലിസി അലക്സ് നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടി പി വർഗീസ് അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്തംഗം ഷൈല റെജി, എം എൻ അജിത്, ടി ടി മണി, കെ വി ജോണി,എം സി ജോസ് എന്നിവർ സംസാരിച്ചു

# തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ കൊടിയേറി

**കൊച്ചി:** തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ കൊടികയറ്റത്തിനും ദിവ്യബലിക്കും ഫാ. സക്കറിയാസ് പാവനത്തറ മുഖ്യകാർമികത്വം വഹിച്ചു. ഫാ. ആന്റണി റാഫേൽ കോമരൻചാത്ത് വചന പ്രഘോഷണം നടത്തി. വികാരി ഫാ.ജൂഡിസ് പനക്കൽ, ഫാ.പാക്സൻ ഫ്രാൻസിസ് പള്ളിപ്പറമ്പിൽ, ഫാ.മെർട്ടൻ ഡിസിൽവ എന്നിവർ സഹകർമികരായിരുന്നു. 25, 26, 27 എന്നീ തീയതികളിൽ വൈകുന്നേരം 5 30ന് ദിവ്യബലിക്ക് ഫാ.തോമസ് പുളിക്കൽ, ഫാ. ആന്റണി ചെറിയകടവിൽ, ഫാ.ടൈറ്റസ് ആന്റണി കുരിശുവീട്ടിൽ എന്നിവർ മുഖ്യകാർമികരും ഫാ. വിൻസന്റ് വാരിയത്ത്, ഫാ. ജിനോ ജോർജ് കടുങ്ങാംപറമ്പിൽ, ഫാ.ആന്റണീ സിജൻ മനുവേലിപ്പറമ്പിൽ എന്നിവർ വചനപ്രഘോഷകരും ആയിരിക്കും. തിരുനാൾ സമാപന ദിവസമായ 28ആം തീയതി തിങ്കളാഴ്ച വൈകുന്നേരം 5 30ന് ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികനും, ഫാ.ജോൺ ക്യാപ്പിസ്റ്റൻ ലോപ്പസ് വചനപ്രഘോഷകനും ആയിരിക്കും.



തേവര സെന്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ കൊടികയറ്റം ഫാ. സക്കറിയാസ് പാവനത്തറ നിർവഹിക്കുന്നു. വികാരി ഫാ.ജൂഡിസ് പനക്കൽ, ഫാ.ആന്റണി റാഫേൽ കോമരൻചാത്ത്, ഫാ.പാക്സൻ ഫ്രാൻസിസ് പള്ളിപ്പറമ്പിൽ, ഫാ. മെർട്ടൻ ഡിസിൽവ എന്നിവർ സമീപം.

# അനധികൃത ഖനന പ്രവർത്തനങ്ങൾക്ക് തടയിടാൻ ഡ്രോൺ സർവേ

**കേരള മിനറൽ ഡ്രോൺ ലിഡാർ സർവേ പ്രോജക്ടിന് സംസ്ഥാനത്ത് തുടക്കമായി**

**തിരുവനന്തപുരം:** കേരളത്തിന്റെ ഖനന മേഖലയിൽ ചരിത്രപ്രധാന ചുവടുവെയ്പ്പുമായി മൈനിങ് ആൻഡ് ജിയോളജി വകുപ്പ്. ചട്ടങ്ങൾക്ക് വിധേയമായി ഖനന പ്രവർത്തനങ്ങൾ നടത്തുന്നതിനും അനധികൃത ഖനനം നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനും മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ മേൽനോട്ടത്തിൽ ഡ്രോൺ സർവേക്ക് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം പെരുങ്കടവിള ഡെൽറ്റ ക്വാറിയിൽ നടന്ന ചടങ്ങിൽ വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി.രാജീവ് കേരള മിനറൽ ഡ്രോൺ ലിഡാർ സർവേ പ്രോജക്ടും ഡ്രോൺ ലിഡാർ സർവേ പോർട്ടലും ഉദ്ഘാടനം ചെയ്തു.

സാങ്കേതിക വിദ്യ വികസിക്കുന്നതിലൂടെ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാകുകയും ചിട്ടയുള്ളതാകുകയും ചെയ്യുന്നതായി മന്ത്രി പി. രാജീവ് പറഞ്ഞു. ഡ്രോൺ സർവേ പ്രൊജക്ടിലൂടെ ഖനന മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാകുകയാണെന്നും ഇതിലൂടെ അനാവശ്യ ആക്ഷേപങ്ങൾ ഒഴിവാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. നിയമാനുസൃത ഖനന പ്രവർത്തനങ്ങൾ നാടിന് ആവശ്യമാണ്. ടെക്നോളജിയുടെ വികാസത്തിനനുസരിച്ച് ഖനന മേഖലകളിൽ ആധുനികവത്കരണം തുടരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കെൽട്രോണിന്റെ സഹായത്തോടെയാണ് ഡ്രോൺ ലിഡാർ സർവേ പ്രൊജക്ട് നടപ്പാക്കുന്നത്. ഖനനാനുമതിയ്ക്ക് അപേക്ഷിക്കുന്ന സ്ഥലങ്ങളിൽ നിയമാനുസൃതമായി ഖനനം ചെയ്യാവുന്ന ധാതുവിന്റെ അളവ് കൃത്യതയോടെ കണക്കാക്കുന്നതിനും അനധികൃതമായി ഖനനം ചെയ്യുന്ന ധാതുവിന്റെ അളവ് കണക്കാക്കുന്നതിനും ഡ്രോൺ സർവേയിലൂടെ സാധിക്കും. മൈനിങ് ആൻഡ് ജിയോളജി വകുപ്പിലെ ആധുനീകരണത്തിന്റെ ഭാഗമായാണ് ഡ്രോൺ സർവേ നടത്തുന്നത്. രാജ്യത്ത് ആദ്യമായാണ് ധാതു ഖനനത്തിന്റെ അളവ് കണ്ടെത്തുന്നതിന് സർവേയും സർവേ പോർട്ടലും നടപ്പാക്കുന്നത്. സി.കെ ഹരീന്ദ്രൻ എം.എൽ.എ പ്രിൻസിപ്പൽ സെക്രട്ടറി എം.പി.എം മുഹമ്മദ് ഹനീഷ്, മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടർ ഡോ.കെ ഹരികുമാർ, അഡീഷണൽ ഡയറക്ടർ കിഷോർ എം.സി എന്നിവരും പങ്കെടുത്തു.

# അമൃത് ഭാരത് പദ്ധതി: വൻ വികസനം; റെയിൽവേ ഹബ് ആയി പുനലൂർ



**പുനലൂർ:** അമൃത് ഭാരത് പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ നടത്തുന്ന റെയിൽവേ സ്റ്റേഷന്റെ വടക്കുഭാഗത്ത് ഭരണ നിർവഹണ ഓഫിസുകളുടെയും ക്വാർട്ടേഴ്സുകളുടെയും നിർമാണം പുരോഗമിക്കുന്നു. പുനലൂർ 'റെയിൽവേ ഹബ്' ആയി മാറിയേക്കും. ക്വാർട്ടേഴ്സുകളും ഓഫിസുകളും നിർമിക്കുന്ന സ്ഥലത്ത് കൂടി 200 മീറ്ററോളം ദൂരത്തിൽ കോൺക്രീറ്റ് റോഡിന്റെ നിർമാണം പുരോഗമിക്കുകയാണ്. മുൻപ് അൻപതോളം ജീവനക്കാരുടെ കുടുംബങ്ങൾക്ക് താമസിക്കാവുന്ന ക്വാർട്ടേഴ്സുകൾ ഈ മേഖലയിൽ ഉണ്ടായിരുന്നു.

തമിഴ്നാട്ടുകാരായ ജീവനക്കാരായിരുന്നു അന്ന് റെയിൽവേയിൽ കൂടുതലും ഉണ്ടായിരുന്നത്. മലയാളികളായ ജീവനക്കാരുടെ എണ്ണം വർധിച്ചതോടെ ക്വാർട്ടേഴ്സിൽ താമസിക്കുന്നവർ കുറഞ്ഞു. രണ്ടു പതിറ്റാണ്ടിനിടെ ക്വാർട്ടേഴ്സുകളിൽ പലതിലും താമസക്കാരില്ലാതായി. ഇപ്പോൾ പുനലൂരിൽ ട്രാക്ഷൻ സബ്സ്റ്റേഷൻ അടക്കം പുതിയ സംരംഭങ്ങൾ എത്തുന്നതോടെ കൂടുതൽ ജീവനക്കാർ എത്തും. ഇവർക്ക് താമസസൗകര്യം ആവശ്യമായി വന്നിരിക്കുകയാണ്. റെയിൽവേ ഓപ്പൺ ലൈൻ വിഭാഗത്തിന്റെ ഓഫിസ് നേരത്തെ ഇവിടെ പ്രവർത്തിക്കുന്നുമുണ്ട്.

# സർക്കാർ നൽകിയ നെൽവിത്ത് മുളച്ചില്ല; കർഷകർക്ക് ഇരുട്ടടി

**വൈക്കം:** സർക്കാർ നൽകിയ നെൽവിത്ത് മുളച്ചില്ല. വാഴമന നോർത്ത് പാടശേഖരത്തിലെ കൃഷി അവതാളത്തിലായി. ഏകദേശം 58 ഏക്കറിലേക്കുള്ള നെൽവിത്താണ് പകുതിയിൽ അധികവും മുളയ്ക്കാതെ വന്നത്. ഒരേക്കർ നിലം കൃഷിയോഗ്യമാക്കാൻ 15,000 രൂപയോളം ചെലവുവന്നു. കഴിഞ്ഞ 5ന് വിത്ത് വിതയ്ക്കാൻ പാകത്തിന് വിത്ത് മുളപ്പിക്കാൻ ശ്രമിച്ചെങ്കിലും വിത്ത് മുളയ്ക്കാതെ വന്നത് കർഷകർക്ക് ഇരുട്ടടിയായി. മുളയ്ക്കാതെ വന്ന വിത്തുകൾ, വിദഗ്ധ പരിശോധനയ്ക്കായി കൊണ്ടുപോയതായും വിത്തിന്റെ ഗുണനിലവാരം ഇല്ലായ്മയാണ് കാരണമെങ്കിൽ പകരം വിത്ത് നൽകാമെന്നും അധികൃതർ അറിയിച്ചതായി കൃഷി ഓഫിസർ പറഞ്ഞു. വിത്ത് വിതയ്ക്കാൻ കാലതാമസം വരുന്നതോടെ ഒരുക്കിയ പാടശേഖരത്ത് കളകൾ കിളിർത്തുതുടങ്ങി. വിത്ത് കിട്ടുമോ എന്ന് ഉറപ്പില്ലാത്തതിനാൽ ഇനിയും പണം മുടക്കി നിലം ഒരുക്കണോ എന്ന ആശങ്കയിലാണ് കർഷകർ. ഒരു കിലോ വിത്തിന് 45 രൂപ നിരക്കിൽ പതിനായിരത്തിൽ അധികം കിലോ നെല്ലാണ് ഉദയനാപുരത്ത് കൊണ്ടുവന്നത്. ഇതിൽ കുറച്ച് നെല്ല് മാത്രമാണ് കിളിർത്തത്. ഇതോടെ ഒരു മാസത്തിലേറെയായുള്ള കർഷകരുടെ അധ്വാനം വെറുതെയായി. വിത്തിന്റെ ഗുണനിലവാരക്കുറവ് കർഷകർക്ക് തിരിച്ചടിയായതായി വാഴമന നോർത്ത് ബ്ലോക്ക് നെല്ലുൽപാദക സമിതി സെക്രട്ടറി കെ.എൻ ശിവദാസൻ പറഞ്ഞു. മഴയുടെ സാന്നിധ്യം നഷ്ടപ്പെടുന്നതിനു മുൻപ് പാടശേഖരങ്ങൾക്ക് ആവശ്യമായ മികച്ച ഗുണനിലവാരമുള്ള നെൽവിത്ത് കൃഷിവകുപ്പു വഴി സർക്കാർ വിതരണം ചെയ്യണമെന്ന് ഉദയനാപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് പി.ഡി ജോർജ് അധ്യക്ഷത വഹിച്ചു. വി.ബിൻസ്, കെ.വി.ചിത്രാംഗദൻ, ടി.ജെ.അജയ്, വി.മണിയപ്പൻ, ഗോപി തറയിൽ, പി.കെ.പങ്കജാക്ഷൻ, സജിൻ സേവ്യർ എന്നിവർ പ്രസംഗിച്ചു.

# കൈരളി ഗവേഷക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ഗവേഷണ രംഗത്തെ കേരളീയരായ പ്രഗത്ഭരെ ആദരിക്കുന്നതിനു സംസ്ഥാന സർക്കാർ നൽകുന്ന കൈരളി ഗവേഷക പുരസ്കാരങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പ്രഖ്യാപിച്ചു. ആർട്സ് ആൻഡ് ഹ്യുമാനിറ്റീസ് വിഭാഗത്തിൽ പ്രൊഫ. ചാത്തനാത്ത് അച്യുതനുണ്ണിയും ശാസ്ത്ര മേഖലയിൽ പ്രൊഫ. പി.പി.ദിവാകരനും സോഷ്യൽ സയൻസ് വിഭാഗത്തിൽ പ്രൊഫ. കെ.പി.മോഹനനും സമഗ്ര സംഭാവനക്കുള്ള കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹരായി. അഞ്ച് ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനം.

കേരളത്തിലെ സ്ഥാപനങ്ങളിലുള്ള പ്രമുഖ ശാസ്ത്രജ്ഞർക്കുള്ള കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സും മന്ത്രി പ്രഖ്യാപിച്ചു. ആർട്സ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ പ്രൊഫ. ബി.രാജീവനും സയൻസ് വിഭാഗത്തിൽ പ്രൊഫ. കെ.എൽ.സെബാസ്റ്റ്യനും സോഷ്യൽ സയൻസ് വിഭാഗത്തിൽ പ്രൊഫ.കേശവൻ വെളുത്താട്ടും അവാർഡിനർഹരായി. രണ്ടര ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനമായി ലഭിക്കുക.

ഇന്റർ ഡിസിപ്ലിനറി മേഖലകളിലെ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനുള്ള കൈരളി ഗവേഷക പുരസ്കാരത്തിന് ബയോളജിക്കൽ സയൻസ് വിഭാഗത്തിൽ കൊച്ചിൻ സർവകലാശാല ഗവേഷക ഡോ. സമീർ ഷംസുദ്ദീനും ഫിസിക്കൽ സയൻസ് വിഭാഗത്തിൽ തൃശൂർ അച്യുതമേനോൻ ഗവൺമെന്റ് കോളേജിലെ ഗവേഷകൻ ഡോ. സുജേഷ് എ.എസും അർഹരായി.

ഗവേഷകരായ അധ്യാപകർക്കുള്ള കൈരളി ഗവേഷണ പുരസ്കാരത്തിന് ആർട്സ് ആൻഡ് ഹ്യുമാനിറ്റീസ് വിഭാഗത്തിൽ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ ഡോ.രാകേഷ് ആർ., ബയോളജിക്കൽ സയൻസ് വിഭാഗത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡോ.ടി.എസ്.പ്രീത, കെമിക്കൽ സയൻസ് വിഭാഗത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ അനസ് എസ്., ഫിസിക്കൽ സയൻസ് വിഭാഗത്തിൽ കേരള സർവകലാശാലയിലെ ഡോ. സുബോധ് ജി., സോഷ്യൽ സയൻസ് വിഭാഗത്തിൽ കൊച്ചിൻ സർവകലാശാലയിലെ ഡോ. സംഗീത കെ. പ്രതാപ് എന്നിവർ പുരസ്കാരത്തിനർഹരായി. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനം. രണ്ട് വർഷത്തേക്ക് റിസർച്ച് ഗ്രാന്റായി 24 ലക്ഷം രൂപക്ക് വരെ ജേതാക്കൾക്ക് അർഹതയുണ്ടാകും.

ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് മുൻ ഡയറക്ടർ പി. ബലറാം, സംസ്ഥാന ആസൂത്രണ ബോർഡ് മുൻ വൈസ് ചെയർമാർ ഡോ. പ്രഭാത് പട്നായിക്, ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയററ്റിക്കൽ കെമിസ്ട്രി പ്രൊഫസർ ഡോ. ഇ.ഡി. ജെമ്മീസ്, കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ കവി പ്രൊഫ. കെ. സച്ചിദാനന്ദൻ എന്നിവരുൾപ്പെട്ട സമിതിയാണു പുരസ്കാര ജേതാക്കളെ തെരഞ്ഞെടുത്തത്.



# കർഷക തൊഴിലാളി ക്ഷേമനിധി: വിദ്യാഭ്യാസ അവാർഡ് വിതരണം ചെയ്തു

**കോട്ടയം:** എസ്.എസ്.എൽ.സി./ റ്റി.എച്ച്.എസ്.എൽ.സി., പ്ലസ് ടു /, വി.എച്ച്.എസ്.ഇ. കോഴ്സുകളിൽ ഉന്നത മാർക്ക് നേടിയ കേരള കർഷക തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ അവാർഡ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു നിർവഹിച്ചു. ജില്ലയിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ 243 കുട്ടികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ബോർഡ് ഡയറക്ടർപി. കെ. കൃഷ്ണൻ അധ്യക്ഷത വഹിച്ചു.

കോട്ടയം നഗരസഭ അധ്യക്ഷ ബിൻസി സെബാസ്റ്റ്യൻ, നഗരസഭാംഗം റീബ വർക്കി, ബോർഡ് ഡയറക്ടർ പ്രൊഫ. എം.ടി ജോസഫ്, സംഘടനാഭാരവാഹികളായ എം.കെ. പ്രഭാകരൻ, ടി.ബി. ബിജു ഷാജി പറങ്ങോട്ട്, നാരായണ കൈമൾ, മുണ്ടക്കയം സോമൻ, മോഹൻദാസ് പള്ളിത്താഴെ എന്നിവർ പ്രസംഗിച്ചു.

# ജെറ്റ്സ്ട്രീം അതിരക്റ്റമി സഹായത്തോടെ കാലിലെ രക്തക്കുഴലിന്റെ തടസ്സം നീക്കി; സന്തോഷം പങ്കുവെച്ച് വിൻസെന്റ് മടങ്ങി

**കൊച്ചി:** രാജ്യത്ത് ആദ്യമായി ജെറ്റ്സ്ട്രീം അതിരക്റ്റമി സംവിധാനത്തിൻറെ സഹായത്തോടെ കാലിലെ രക്തക്കുഴലിന്റെ തടസ്സം നീക്കാനുള്ള ചികിത്സ ലിസി ആശുപത്രിയിൽ നടത്തി.

പക്ഷാഘാതത്തെ അതിജീവിച്ച പ്രമേഹരോഗി കൂടിയായ അറുപത്തിരണ്ടുകാരനിൽ കാലിലെ രക്തയോട്ടം പുനസ്ഥാപിക്കുവാനുള്ള നൂതന ചികിത്സയാണ് എറണാകുളം ലിസി ഹോസ്പിറ്റലിൽ വിജയകരമായി പൂർത്തിയാക്കിയത്. രക്തയോട്ടം തടസപ്പെട്ട് ഇടതുകാലിലെ അൾസർ ഭേദമാകാത്തതിനെത്തുടർന്നാണ് ആലപ്പുഴയിൽ നിന്നുള്ള വിൻസെൻറ് ലിസി ആശുപത്രിയിൽ ചികിത്സ തേടിയെത്തിയത്. മൂന്ന് വർഷം മുൻപ് പ്രമേഹ രോഗത്താൽ വലതു കാൽ നഷ്ടപ്പെട്ട വ്യക്തിയാണ് വിൻസെൻറ് ആൻജിയോഗ്രാം പരിശോധനയിൽ കാൽമുട്ടിനു സമീപം കട്ടിയേറിയ കാൽസിഫൈഡ് ബ്ലോക്കുകൾ താഴെക്കുള്ള എല്ലാ ധമനികളും തടസ്സപ്പെടുത്തിയതായികണ്ടെത്തി. ആൻജിയോപ്ലാസ്റ്റി നടത്തി



പരമ്പരാഗത രീതിയിൽ സ്റ്റെൻറ് ഇട്ടാൽ കാൽമുട്ടിൻറെ ചലനങ്ങൾ മൂലം സ്റ്റെൻറ് അടഞ്ഞുപോകുവാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ആ ചികിത്സാരീതി പ്രായോഗികമല്ലെന്ന് ഡോക്ടർമാർ വിലയിരുത്തി. അങ്ങനെയാണ് സ്റ്റെൻറ് ആവശ്യമില്ലാതെ കാൽസിഫൈഡ് ബ്ലോക്ക് പൊടിച്ചു കളയുന്ന ജെറ്റ്സ്ട്രീം അതിരക്റ്റമി സംവിധാനം വിൻസെൻറിൽ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്. വിൻസെൻറും കുടുംബവും ഈ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ചികിത്സക്ക് സന്നദ്ധത അറിയിച്ചതിനെ തുടർന്ന് അതിനുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു. കാൽ മുട്ടിനോട് ചേർന്ന രക്തക്കുഴലുകളിലെ കാൽസ്യം അടിഞ്ഞുണ്ടായ കട്ടിയേറിയ ബ്ലോക്കുകൾ അതിനൂതന ഉപകരണങ്ങളുടെ സഹായത്താൽ പൊടിച്ചു മാറ്റി. ഭാവിയിൽ വരാവുന്ന തടസ്സങ്ങൾ തടയുന്നതിനായി പോസ്റ്റ് അതിരക്റ്റമി, ഡ്രഗ് എലൂട്ടിംഗ് ബലൂൺ ആൻജിയോപ്ലാസ്റ്റി എന്നിവ നടത്തി.ചികിത്സയ്ക്ക് ശേഷം നടത്തിയ ആൻജിയോഗ്രാം പരിശോധനയിൽ രക്തപ്രവാഹം ഏറെ മെച്ചപ്പെട്ടതായി കണ്ടു. ഡോ.ലിജേഷ് കുമാർ, ഡോ.ഗിരീഷ്, ഡോ.ജി.വി.എൻ. പ്രദീപ് എന്നിവരടങ്ങുന്ന മെഡിക്കൽ സംഘമാണ് വിജയകരമായി ചികിത്സ പൂർത്തിയാക്കിയത്. കാത്ത് ലാബ് ടെക്നോളജിസ്റ്റുകളായ വിൽസൺ എ. ജെ., ജിബിൻ തരിയൻ തോമസ്, ജിപിൻ, സിസ്റ്റർ ബെറ്റിയുടെ നേതൃത്വത്തിൽ നഴ്സിംഗ് ടീം എന്നിവർ പിന്തുണ നൽകി.

ശസ്ത്രക്രിയ കഴിഞ്ഞ് രണ്ട് ദിവസത്തിന് ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു. ഈ ചികിത്സ പ്രമേഹ പെരിഫറൽ ആർട്ടറി ചികിത്സയിലെഒരു സുപ്രധാന കാൽവെപ്പാണെന്ന് ഡോ.ലിജേഷ് കുമാർ പറഞ്ഞു.

ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻറെ നേതൃത്വത്തിൽ കേക്ക് മുറിച്ച് സന്തോഷം പങ്കുവച്ചാണ് വിൻസെൻറിനെ ആശുപത്രിയിൽ നിന്ന് യാത്രയാക്കിയത്. ജോ. ഡയറക്ടർമാരായ ഫാ.റോജൻ നങ്ങേലിമാലിൽ, ഫാ. റെജു കണ്ണമ്പുഴ, അസി.ഡയറക്ടർമാരായ ഫാ. ഡേവിസ് പടന്നക്കൽ, ഫാ. ജെറ്റോ തോട്ടുങ്കൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

## മാടമ്പ് കുഞ്ഞിക്കുട്ടൻ കഥാപുരാസ്കാരം ചിത്ര സുരേന്ദ്രനും കെ പി സജിത്തിനും

**കൊച്ചി:** അന്താരാഷ്ട്ര പുസ്തകോത്സവ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മാടമ്പ് കുഞ്ഞിക്കുട്ടൻ സ്മാരക കഥാരചനാ മത്സരത്തിൽ ചിത്ര സുരേന്ദ്രൻ ( തിരുവനന്തപുരം) രചിച്ച അതിജീവിതയുടെ മഴക്കാറ്റുകൾ, കെ പി സജിത്ത് (കോഴിക്കോട്) രചിച്ച ഐസ്ക്രീം തിന്നുന്ന സൂര്യൻ എന്നീ കഥകൾ ഒന്നും രണ്ടും സ്ഥാനത്തിന് അർഹരായി. ഡിസംബർ ഏഴിന് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് പുരസ്കാരം സമ്മാനിക്കും. മത്സരത്തിന് എത്തിയ കഥകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 26 കഥകളുടെ സമാഹാരവും തദവസരത്തിൽ പ്രകാശനം ചെയ്യും.

## ചിന്മയ വിശ്വവിദ്യാപീഠം ഏകദിന ശിൽപശാല നാളെ

**കൊച്ചി:** സ്കൂൾ വിദ്യാഭ്യാസം കൂടുതൽ സമഗ്രവും കാലിക പ്രസക്തവുമാക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം ആസ്ഥാനമായുള്ള സെൻട്രൽ സഹോദയ കോൺക്ലേവിന്റെ സഹകരണത്തോടെ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല സംഘടിപ്പിക്കുന്ന ഏകദിന ശിൽപശാല നാളെ നടക്കും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം സിബിഎസ്ഇ സ്കൂൾ പ്രിൻസിപ്പൽമാർ ശിൽപശാലയിൽ പങ്കെടുക്കും. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ഓണക്കൂറിലെ ലളിത പ്രതിഷ്ഠാനത്തിൽ ആണ് രാവിലെ പത്ത് മുതൽ വൈകീട്ട് അഞ്ചുവരെ ശിൽപശാല. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുള്ള ചർച്ചകൾക്ക് ശിൽപശാല വേദിയാകും. വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ സെമിനാറുകൾ നയിക്കും.

കോയമ്പത്തൂരിലെ ചിന്മയ ഇന്റർനാഷണൽ റസിഡന്റ്ഷ്യൽ സ്കൂൾ (സിഐആർഎസ്) റസിഡന്റ് ഡയറക്ടറും ചിന്മയ വിശ്വിദ്യാപീഠം കൽപിത സർവകലാശാല മാനേജ്മെന്റ് കമ്മിറ്റി അംഗവുമായ സ്വാമി അനുകൂലാനന്ദ, എഐസിറ്റിയുടെ ഐകെഎസ് വിഭാഗത്തിന്റെ ദേശീയ കോഓർഡിനേറ്ററായ പ്രൊഫ. ഗണ്ടി എസ്.മൂർത്തി, അധ്യാപകനും, എഴുത്തുകാരനും മാനേജ്മെന്റ് വിദഗ്ദ്ധനും സർവകലാശാലയിലെ മാനേജ്മെന്റ് വിഭാഗത്തിലെ അധ്യാപകനുമായ ഡോ.രാധാകൃഷ്ണൻ പിള്ള, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല മാനേജിങ് ട്രസ്റ്റി ഡോ. അപ്പാറാവു മുക്കാമല, സർവകലാശാല പ്രോവോസ്റ്റ് പ്രോഫ.സുധീർബാബു യാർലഗഡ തുടങ്ങിയവർ അതിഥികളുമായി സംവദിക്കും.

## ഐ ടി ഐ മേഖലയിൽ വ്യാപകമാറ്റം കൊണ്ടുവരും: മന്ത്രി ശിവൻകുട്ടി

**ആലപ്പുഴ:** ഐ ടി ഐ മേഖലയിൽ വ്യാപകമായ മാറ്റം കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നതായി പൊതു വിദ്യാഭ്യാസം,തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ചെങ്ങന്നൂർ ഗവ. ഐ. ടി. ഐയിലെ പുതിയ കെട്ടിട സമുച്ചയം, ഹോസ്റ്റൽ, തൊഴിൽ മേള എന്നിവ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

വേണ്ടത്ര പഠന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന ഐ ടി ഐകളെ അതത് പ്രദേശങ്ങളുടെ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് പുതിയ സൗകര്യങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ചെങ്ങന്നൂർ ഗവഃ ഐ ടി ഐ അതിന്റെ വജ്ര ജൂബിലി നിറവിൽ എത്തി നിൽക്കുകയാണ്. നിലവിൽ വിവിധ തൊഴിൽ മേഖലകളിലെ 23 ട്രേഡുകളിലായി 1500ൽ പരം പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. ആരംഭ കാലം മുതൽ നാളിതുവരെ സ്ഥാപനത്തിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ പരിശീലനാർത്ഥികൾ സ്വദേശത്തും വിദേശത്തുമുള്ള പൊതുസ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ കണ്ടെത്തിയതു വഴി സ്ഥാപനത്തിന്റെ യശ്ശസ്സുയർത്തുകയും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ മാറ്റമുണ്ടാക്കുന്നതിനു നിസ്തുലമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിലെ പ്ളേസ്മെന്റ് സെൽ വഴി നിരവധി പേർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ കണ്ടെത്താൻ സാധിക്കുന്നുണ്ട്. വിദേശ കമ്പനികളും ഇന്ത്യയിലെ പ്രമുഖ കമ്പനികളും അടക്കം നിരവധി കമ്പനികൾ തൊഴിൽ ദാതാക്കളായി എത്തുന്ന തൊഴിൽമേള എല്ലാവർഷവും സ്ഥാപനത്തിൽ വച്ച് നടത്തുകയും ധാരാളം പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യുന്നുണ്ട്.

സ്ഥാപനത്തിന്റെ സർവതോന്മുഖമായ വികസനം വഴി ഐ ടി ഐയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന്

71.2 കോടി രൂപ ചെലവിൽ കിഫ്ബി മുഖേന സർക്കാർ നടപ്പാക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 20 കോടി രൂപ ചെലവഴിച്ചുള്ള നിർമാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പുതിയ അക്കാദമിക് ബ്ലോക്കിൽ 72345 ചതുരശ്രയടി വിസ്തീർണത്തിൽ മൂന്ന് നിലകളിലായി അത്യന്താധുനിക സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന 30 സ്മാർട്ട് ക്ലാസ് റൂമുകൾ, 5വർക്ഷോപ്പുകൾ , ഡ്രോയിങ് ഹാൾ, ലൈബ്രറി, 200 സീറ്റുകളുള്ള സെമിനാർ ഹാൾ, മിനി കോൺഫറൻസ് ഹാൾ, സ്റ്റോർ റൂം , 1.5ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് , പാർക്കിംഗ് ഏരിയ , സബ്സ്റ്റേഷൻ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം 12915 ചതുരശ്രയടി വിസ്തീർണത്തിൽ നാല് നിലകളിലായി 68 പരിശീലനാർത്ഥികൾക്കുള്ള താമസ സൗകര്യം, കിച്ചൻ , ഡൈനിങ് ഹാൾ എന്നിവ ഉൾകൊള്ളുന്ന ഹോസ്റ്റൽ സമുച്ചയവും സജ്ജമായിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു.

ത്രീഡി പ്രിൻറിംഗ്, സോളാർ ടെക്നിഷ്യൻ കോഴ്സുകൾ അടുത്ത വർഷം ചെങ്ങന്നൂർ ഐടിഐ ആരംഭിക്കും. വികസന പ്രവർത്തനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും കൂടുതൽ തുക അനുവദിക്കും. ഐടിഐ യിലെ വർഷോപ്പുകൾ പുതുക്കിപ്പണിയും. മിടുക്കരായകുട്ടികളെ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ ഐടിഐ യിലെ 123 അധ്യാപകരും ശ്രമിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

ഡയറക്ടർ ഓഫ് ട്രെയ്നിങ് സൂഫിയാൻ അഹമ്മദ് സ്വാഗതം പറഞ്ഞു. കെയ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടിവി വിനോദ് റിപ്പോർട്ട് അവതരിപ്പിച്ചു. ചെങ്ങന്നൂർ നഗരസഭ ചെയർപേഴ്സൺ അഡ്വ. ശോഭ വർഗീസ് , വാർഡ് കൗൺസിലർ മനു കൃഷ്ണൻ , അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ് മിനി മാത്യു, എം. എഫ്. സാംരാജ് , ഡോ. എസ്. സജീവൻ തുടങ്ങിയവർ സംസാരിച്ചു. പ്രിൻസിപ്പൽ സി എൽ അനുരാധ നന്ദി പറഞ്ഞു.

# നേവി വീക്ക്: വിവിധ പ്രോഗ്രാമുകളുമായി നേവി

**കൊച്ചി:** നേവി വീക്കിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തുമെന്ന് കമ്മഡോർ വി ഇസഡ് ജോബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സെൻട്രൽ സ്‌ക്വയർ മാളിൽ മിലിറ്ററി ഫോട്ടോ എക്സിബിഷൻ, നേവി ബാന്റിന്റെ പ്രകടനം, നേവി കപ്പലുകളുടെ പ്രദർശനം, മെഡിക്കൽ ക്യാമ്പ്, രക്തദാന ക്യാമ്പുകൾ, അനാഥാലയങ്ങളിലെയും വൃദ്ധ സദനങ്ങളിലെയും സന്ദർശനം എന്നിവയാണ് നടത്തുന്നത്. 26നും 27നും പൊതുജനങ്ങൾക്കായി നേവി ബാന്റിന്റെ പ്രകടനം വൈകിട്ട് ഫോർട്ട് കൊച്ചി മാരിടൈം മ്യൂസിയത്തിൽ നടക്കും. നേവി വീക്കിന്റെ ഭാഗമായി മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാരായ കുട്ടികൾക്കും നവംബർ 16ന് സതേൺ നേവൽ കമാന്റിലെ നാവികസേന കപ്പലിൽ പ്രവേശനം അനുവദിക്കും. നവംബർ 18നും 19നും സ്കൂൾ കുട്ടികൾക്കും കപ്പൽ സന്ദർശിക്കാനുള്ള അവസരം ഒരുങ്ങും. ഇതിനായി സ്കൂൾ അധികൃതർക്ക് ssoedkochi@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടാം. സെൻട്രൽ സ്‌ക്വയർ മാളിൽ നവംബർ 23നും 24നുമാണ് ഫോട്ടോ എക്സിബിഷൻ സംഘടിപ്പിച്ചിരിക്കുന്നത്. സമാപനചടങ്ങിന്റെ ഭാഗമായി ഡിസംബർ 24ന് രാജേന്ദ്രമൈതാനിയിൽ നാവികസേന കപ്പലുകളുടെയും വിമാനങ്ങളുടെയും അഭ്യാസ പ്രകടനങ്ങളും നടക്കും. കമ്മഡോർ അതുൽ പിള്ള, കമ്മഡോർ അഭിജീത് ഘോഷ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കണ്ടംകുളത്തി വൈദ്യശാലയുടെ ആശുപത്രി ശൃംഖല മലബാർ മേഖലയിലേക്കും

**തൃശൂർ:** ഒന്നര നൂറ്റാണ്ടിലേറെയായി ആയുർവേദ ചികിത്സാരംഗത്തും ഔഷധ നിർമാണത്തിലും വിശ്വാസത്തിൻറെ വ്യക്തിമുദ്ര പതിപ്പിച്ച കെ.പി. പത്രോസ് വൈദ്യൻസ് കണ്ടംകുളത്തി വൈദ്യശാലയുടെ ചികിത്സാ വിഭാഗം മലബാർ മേഖലയിലേക്കും ചുവടുവെക്കുന്നു. തിരുവനന്തപുരം മുതൽ തൃശൂർ വരെയായിരുന്നു വൈദ്യശാലക്ക് ഇതുവരെ ആയുർവേദ ആശുപത്രികൾ ഉണ്ടായിരുന്നത്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത് കൊളത്തൂരിൽ കരിപ്പൂർ എയർപോർട്ട് ജംങ്ഷന് സമീപമായി പുതിയ ആയുർവേ ആശുപത്രി ആരംഭിക്കുന്നത്.ഇതോടെ മലബാർ മേഖലയിലും സാന്നിധ്യമാകും.




ആത്യാധുനിക സൗകര്യങ്ങളോടെ പ്രവർത്തനമാരംഭിക്കുന്ന ആശുപത്രിയിൽ 50 രോഗികളെ കിടത്തിചികിത്സിക്കാൻ സൗകര്യമുണ്ട്. കണ്ടംകുളത്തി വൈദ്യശാലയുടെ ചീഫ് ഫിസിഷ്യനായ ഡോ.റോസ് മേരി വിത്സൻറെ കീഴിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ നീണ്ടനിരതന്നെ രോഗീപരിചരണത്തിനായുണ്ട്. പഞ്ചകർമ്മ ഉൾപ്പടെയുള്ള പരമ്പരാഗത ചികിത്സകൾക്ക് പുറമെ സന്ധിവേദന,പുറംവേദന, കഴുത്തുവേദന, ഗർഭാശയ രോഗങ്ങൾ, ജഉചരള,ജഇഛട,വന്ധ്യതാ ചികിത്സ,ഹിജാമ തെറാപ്പി,അഗ്നികർമ, രക്തമോഷ്ണ,വെരിക്കോസ് വെയിൽ,ആമവാതം,സന്ധിവാതം,ഒമെഗ്രൈൻ,സ്പോണ്ടിലൈറ്റിസ്,അമിതവണ്ണം,ആർത്രൈറ്റിസ്,ശിശുരോഗങ്ങൾ, പ്രമേഹം, പക്ഷാഘാതം,എന്നിവക്കും പ്രത്യേക ഐപി, ഒപി ചികിത്സകളും ഇവിടെയുണ്ടായിരിക്കും.

കണ്ടംകുളത്തി ആശുപത്രികളിലെ ജനപ്രീതി ആർജിച്ച പ്രസവരക്ഷാ വിഭാഗവും ഇവിടെയുണ്ടായിരിക്കും.പ്രസവശേഷം നവജാതശിശുവിനും അമ്മക്കും നൽകുന്ന 11 ദിവസം മുതൽ 40 ദിവസം വരെ നീളുന്ന ചികിത്സാ പാക്കേജാണിത്. പരിചയസമ്പന്നരായ ആയമാരാണ് ശിശുക്കളെ കുളിപ്പിക്കുന്നതുപ്പടെ അമ്മയേയും കുഞ്ഞിനേയും പരിചരിക്കുക. പ്രസവശേഷമുണ്ടായേക്കാവുന്ന നടുവേദന,സന്ധിവേദന എന്നവ അകറ്റി മേനിയഴക് പൂർവസ്ഥിതി കൈവരിക്കുന്നതിനായുള്ള മസാജിങ്ങും ചികിത്സയും ലഭിക്കും.

150 വർഷക്കാലത്തെ ചികിത്സാ പാരമ്പര്യം, അനുഭവസമ്പത്തുള്ള ഡോക്ടർമാർ,സ്വന്തം ഫാക്ടറിയിൽ നിർമിക്കുന്ന കലർപ്പില്ലാത്ത മരുന്നുകൾ,പൗരാണികമായി ലഭിച്ച ചികിത്സാവിധിക്കൊപ്പം അത്യാധുനിക ചികിത്സാരീതി എന്നിവയെല്ലാം കണ്ടംകുളത്തി ആശുപത്രികളിലെ മാത്രം അപൂർവതകളാണ്. വൈദ്യശാലയുടെ സ്ഥാപകനായിരുന്ന കെ.പി. പത്രോസ് വൈദ്യനിൽ നിന്നും പകർന്നുകിട്ടിയ ഒറ്റമൂലി പ്രയോഗങ്ങളും അപൂർവ ചികിത്സാവിധികളും പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും മാറ്റമില്ലാതെ പിൻമുറക്കാരിയായ ചീഫ് ഫിസിഷ്യൻ ഡോ.റോസ് മേരി വിത്സനിലൂടെ ലഭ്യമാകുന്നുവെന്ന സവിശേഷതയുമുണ്ട്. ഉദ്ഘാടനത്തോടനുബന്ധിച്ച റോസ് മേരി ഡോക്ടറുടെ ഒ.പി.ക്കായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.ഫോൺ നമ്പർ:9846347700.

# ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ചു. ബാങ്കിന്റെ സിഎസ്ആർ പദ്ധതികളുടെ ഭാഗമായി, സ്ഥാപകനായ കെ പി ഹോർമിസിന്റെ സ്മരണാർത്ഥമാണ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.എംബിബിഎസ്, ബിഇ/ ബിടെക്, ബിഎസ്സി നഴ്സിംഗ്, എംബിഎ എന്നിവ കൂടാതെ ബിഎസ് സി അഗ്രികൾചർ/ ബിഎസ് സി (ഓണേഴ്സ്) കോഓപറേഷൻ & ബാങ്കിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി അപേക്ഷിക്കാവുന്നതാണെന്ന് അധികൃതർ വ്യക്തമാക്കി.

കേരളം, തമിഴ്‌നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭ്യമാക്കിയിട്ടുള്ളത്. സർക്കാർ, എയ്ഡഡ്, സർക്കാർ അംഗീകൃത സ്വാശ്രയ / ഓട്ടോണമസ് കോളേജുകളിൽ 2024 2025 വർഷം മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയവരായിരിക്കണം അപേക്ഷിക്കേണ്ടത്. സംസാരം, കാഴ്ച അല്ലെങ്കിൽ ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം.കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്നുലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല. സേവനത്തിലിരിക്കെ മരിച്ച ജവാന്മാരുടെ ആശ്രിതർക്ക് വാർഷിക വരുമാന വ്യവസ്ഥ ബാധകമല്ല.തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസും മറ്റ് വിദ്യാഭ്യാസ ചെലവുകളും ഉൾപ്പെടെ പ്രതിവർഷം പരമാവധി ഒരു ലക്ഷം രൂപ വരെ സ്കോളർഷിപ്പായി ലഭിക്കുന്നതാണ്. ഒരുലക്ഷം രൂപയുടെ പരിധിയിൽ നിൽക്കുന്നതാണെങ്കിൽ, കോഴ്സ് കാലയളവിൽ വാങ്ങുന്ന ഒരു പേഴ്സണൽ കമ്പ്യൂട്ടർ/ ലാപ്ടോപ്പ്/ടാബ്ലെറ്റിന്റെ തുക വിദ്യാർത്ഥികൾക്ക് തിരികെ നൽകുന്നതാണ്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓരോ കോഴ്സിലും ഒരു സ്കോളർഷിപ്പ് മാറ്റിവച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകർ ഡിഎംഒ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെയോ ബാങ്ക് അംഗീകരിച്ച മെഡിക്കൽ ഓഫീസറുടെയോ സാക്ഷ്യപത്രം തെളിവായി നൽകേണ്ടതാണ്. ഭിന്നശേഷിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ സ്കോളർഷിപ്പ് പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും.കുടുംബത്തിന്റെ വാർഷികവരുമാനത്തിന്റെയും യോഗ്യതാപരീക്ഷയിൽ ലഭിച്ച മാർക്കിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ മുഖാമുഖം നടത്തിയാണ് സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്.

സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട അവസാന തീയതി 2024 ഡിസംബർ 18. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും സന്ദർശിക്കുക: https://www.federalbank.co.in/corpor-atesocialresponsibiltiy

# സിഎസ്ബി ബാങ്കിന് 138 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** സിഎസ്ബി ബാങ്ക് നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ 138 കോടി രൂപയുടെ അറ്റാദായം നേടി. മുൻവർഷം ഇതേ കാലയളവിൽ 133 കോടി രൂപയാണ് അറ്റാദായം 4 ശതമാനമാണ് അറ്റാദായത്തിലെ വർധന.മൊത്തം നിക്ഷേപം 25 ശതമാനം വർധിച്ച് 25,438 കോടി രൂപയിൽ നിന്ന് 31,840 കോടി രൂപയായി. പ്രവർത്തന ലാഭം 15 ശതമാനം വർധിച്ച് 200 കോടി രൂപയായി.

മുൻവർഷം സമാനപാദത്തിൽ ഇത് 175 കോടി രൂപയായിരുന്നു. ആദ്യ പാദത്തിൽ പ്രവർത്തന ലാഭം 172 കോടി രൂപയായിരുന്നു. 16 ശതമാനമാണ് വർധന.സ്വർണ വായ്പ 28 ശതമാനം വർധിച്ച് 12,005 കോടി രൂപയിലെത്തി. മുൻവർഷം ഇതേകാലയളവിൽ ഇത് 9403 കോടി രൂപയായിരുന്നു.അറ്റ പലിശ വരുമാനം (എൻ.ഐ.ഐ.) രണ്ടാം പാദത്തിൽ 367 കോടി രൂപയായി. മുൻവർഷത്തെ 344 കോടി രൂപയിൽ നിന്ന് 7 ശതമാനമാണ് വർധന. മറ്റ് വരുമാനം 40 ശതമാനം വർധിച്ച് 199 കോടി രൂപയായി. മുൻവർഷമിത് 143 കോടി രൂപയായിരുന്നു.

ഒന്നാം പാദത്തിലെ 172 കോടി രൂപയിൽ നിന്ന് 16 ശതമാനമാണ് വർധന. ബാങ്കിൻറെ നിക്ഷേപങ്ങളും മുൻകരുതലുകളും വ്യവസായത്തിൻറെ വളർച്ചയെക്കാളും ഉയർന്ന വളർച്ച രേഖപ്പെടുത്തി.നിക്ഷേപങ്ങൾ 25 ശതമാനം ഉയർന്ന നിരക്കിൽ വളർന്നപ്പോൾ, വായ്പ വളർച്ച 20 ശതമാനമായിരുന്നു. ലാഭക്ഷമത, ആസ്തി ഗുണനിലവാരം, കാര്യക്ഷമത എന്നിവയുടെ അനുപാതം ശക്തമായി തുടരുന്നുവെന്ന് സിഎസ്ബി ബാങ്ക് മാനേജിംഗ് ഡയറക്ടർ പ്രലായ് മൊണ്ടൽ അറിയിച്ചു.

# നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡ് യുവ പ്ലാൻ അവതരിപ്പിച്ചു

**മുംബൈ:** നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡ്‌യുവാക്കളെ ലക്ഷ്യമിട്ട് യുവ പ്ലാൻ അവതരിപ്പിച്ചു. 24 വയസ്സിന് താഴെയുള്ള യുവാക്കൾ ഒരു പുതിയ വ്യക്തിഗത ഡീമാറ്റ് അക്കൗണ്ട് തുറക്കുന്ന തീയതി മുതൽ 36 മാസത്തേക്ക് ഡെബിറ്റ് നിർദ്ദേശങ്ങൾക്കുള്ള സെറ്റിൽമെന്റ് ഫീസ് പൂജ്യമായിരിക്കും.

2024 ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന ഒരു ഉപഭോക്താവിന്റെ ഡീമാറ്റ് അക്കൗണ്ടിലെ ഡെബിറ്റ് നിർദ്ദേശത്തിന് 4.00 രൂപ എന്ന പുതുക്കിയ ചാർജ് ഘടനയും എൻഎസ്ഡിഎൽ പ്രഖ്യാപിച്ചു. സെറ്റിൽമെന്റ് ഫീസ് ഇനി മുതൽ ഒറ്റ ചാർജായിരിക്കും.

# പേടിഎമ്മിന് ആശ്വാസം ; പുതിയ ഉപയോക്താക്കളെ ചേർക്കാം

**ന്യൂഡൽഹി:** നിയമപ്രശ്നങ്ങളെത്തുടർന്ന് പ്രവർത്തനം പ്രതിസന്ധിയിലായിരുന്ന പേടിഎമ്മിന് പുതിയ യുപിഐ ഉപയോക്താക്കളെ സ്വീകരിക്കാൻ നാഷണൽ പേയ്മെൻറ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) അനുമതി നൽകി. അനുമതിവന്നതോടെ പേടിഎം ബ്രാൻഡ് കൈകാര്യം ചെയ്യുന്ന വൺ97 കമ്മ്യൂണിക്കേഷൻസിന് പുതിയ യുപിഐ ഉപയോക്താക്കളെ ചേർക്കാം.

പുതിയ ഉപയോക്താക്കളെ ചേർക്കുന്നതിനെതിരേയുള്ള റിസർവ് ബാങ്കിൻറെ വിലക്ക് വന്ന് ഒൻപത് മാസങ്ങൾക്ക് ശേഷമാണ് പേടിഎമ്മിന് എൻപിസിഐയിൽനിന്ന് ആശ്വാസ നടപടി ഉണ്ടായത്. എൻപിസിഐയുടെ മാർഗനിർദേശങ്ങൾക്കും പേയ്മെൻറ് സർവീസ് പ്രൊവൈഡർ ബാങ്കുമായുള്ള കരാറിനും വിധേയമായാണ് അനുമതി നൽകിയത്.

വാർത്ത പുറത്തുവന്നതോടെ പേടിഎമ്മിൻറെ മാതൃകമ്പനിയായ വൺ 97 കമ്മ്യൂണിക്കേഷൻസിൻറെ ഓഹരികൾ ഉയർന്നു. 745.10 രൂപയിലാണ് ഇന്നലെ ക്ലോസ് ചെയ്തത്.

# ഫ്ളഡിൽ മുങ്ങിയ കാറിന്റെ ഇൻഷുറൻസ് തുക നൽകിയില്ല, ഒരു ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉപഭോക്തൃ കോടതി

**കൊച്ചി:** ബംബർ ടു ബംബർ ഇൻഷുറൻസ് കവറേജ് ഉണ്ടായിരുന്ന കാർ വെള്ളത്തിൽ മുങ്ങി തകരാറിലായതിനെ തുടർന്ന് അവകാശപ്പെട്ട ഇൻഷുറൻസ് തുക നൽകിയില്ല എന്ന പരാതിയിൽ സർവീസ് സെൻററും ഇൻഷുറൻസ് കമ്പനിയും നഷ്ടപരിഹാരവും കോടതി ചെലവും ഇൻഷുറൻസ് തുകയും ഉപഭോക്താവിന് നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി. എറണാകുളം സ്വദേശി പി.ടി ഷാജു സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

മാരുതി ബലേനോ ആൽഫാ പെട്രോൾ കാർ ആണ് പരാതിക്കാരൻ വാങ്ങിയത്. ബംമ്പർ ടു ബംബർ ഇൻഷുറൻസ് കവറേജും എടുത്തു. 10,620/ രൂപയാണ് ഇൻഷുറൻസ് പ്രീമിയമായി അടച്ചത്. എക്സ്റ്റൻഡഡ് വാറണ്ടിയും എതിർകക്ഷികൾ വാഗ്ദാനം ചെയ്തു.

ഫ്ലഡിൽ പെട്ട കാറിന്റെ എഞ്ചിൻ ബ്ലോക്ക് ആവുകയും റിപ്പയർ ചെയ്യാൻ കഴിയില്ല എന്ന് സർവീസ് സെന്റർ അറിയിക്കുകയും ചെയ്തു. മാറ്റിവയ്ക്കുന്നതിനുള്ള ചിലവായ 64,939/ രൂപയിൽ ഇൻഷുറൻസ് പരിരക്ഷ വെറും 8000 രൂപ മാത്രമേ അനുവദിച്ചുള്ളൂ. ബാക്കി തുകയായ 56 939രൂപയും 40000/ രൂപ നഷ്ടപരിഹാരവും കോടതി ചെലവും അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് പരാതിക്കാരൻ കോടതിയെ സമീപിച്ചത്.എന്നാൽ 8000/ രൂപ മാത്രമേ അനുവദിക്കാൻ നിർവാഹമുള്ളൂ എന്ന നിലപാടാണ്എതിർകക്ഷികൾ സ്വീകരിച്ചത്. എതിർകക്ഷികക്ഷികളുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് ഡി ബി .ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ , ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി.

കേസിലെ ഒന്നും രണ്ടും എതിർകക്ഷികൾ ഇൻഷുറൻസ് തുകയായ 56,939/ രൂപയും 30,000/ രൂപ നഷ്ടപരിഹാരവും 15,000/ രൂപ കോടതി ചെലവും 30 ദിവസത്തിനകം പരാതിക്കാരന് നൽകണമെന്ന് കോടതി ഉത്തരവ് നൽകി.പരാതിക്കാരന് വേണ്ടി അഡ്വ. ഈശ്വരപ്രസാദ് കോടതിയിൽ ഹാജരായി.

# മികച്ച പ്രകടനം കാഴ്ച വച്ച് ആസ്റ്റർ ഇന്ത്യ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ആരോഗ്യ സേവന ദാതാക്കളിൽ ഒന്നായ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർനടപ്പുസാമ്പത്തിക വർഷത്തിലെ ജൂലായ്സെപ്തംബർ മാസ സാമ്പത്തിക ഫലം പുറത്തുവിട്ടു. സെപ്തംബർ 30ന് അവസാനിച്ച രണ്ടാംപാദത്തിലെ വരുമാനം 16% വർദ്ധിച്ച് 1086 കോടിയായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സെപ്തംബർ പാദത്തിൽ 934 കോടിരൂപയായിരുന്നു.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ അർദ്ധവാർഷിക വരുമാനം 18 ശതമാനം വർദ്ധിച്ച് 2088 കോടി രൂപയായി. കഴിഞ്ഞസാമ്പത്തിക വർഷത്തിൽ അർദ്ധ വാർഷിക വരുമാനം 1772 കോടി രൂപയായിരുന്നു. ഓപ്പറേറ്റിംഗ് എബിറ്റ്ഡ 44 ശതമാനം വളർന്ന് 410 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ളഅർദ്ധവാർഷിക ഓപ്പറേറ്റിംഗ് എബിറ്റ്ഡ 285കോടി രൂപയായിരുന്നു. 2024 സാമ്പത്തിക വർഷത്തിൽ 16.1 ശതമാനമുണ്ടായിരുന്ന പ്രവർത്തന മാർജിൻ ഈ സാമ്പത്തിക വർഷം 19.6ശതമാനമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ 157 കോടിയായിരുന്നനികുതി, പലിശ തുടങ്ങി ബാധ്യതകൾക്ക് മുമ്പുള്ള ലാഭം (എബിറ്റ്ഡ) ഈ സാമ്പത്തിക വർഷം അതേ പാദത്തിൽ 48 ശതമാനം വർദ്ധിച്ച് 233 കോടി രൂപയായി.

കഴിഞ്ഞ സാമ്പത്തിക വർഷം സെപ്തംബർ പാദത്തിൽ 16.8 ശതമാനം ആയിരുന്ന പ്രവർത്തന മാർജിൻ ഈസാമ്പത്തിക വർഷം അതേ പാദത്തിൽ 21.4 ശതമാനമായി ഉയർന്നു. അർദ്ധ വാർഷിക കണക്കിൽ നികുതി അടയ്ക്കുന്നതിന് മുമ്പുള്ളലാഭം (പിബിടി) 134 ശതമാനം വളർന്ന് 284 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 121 കോടി രൂപയായിരുന്നു. കമ്പനിയുടെഅറ്റാദായം 88ശതമാനം വളർന്ന് 171 കോടിയായി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 91 കോടി രൂപയായിരുന്നു. 202425 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ കൈവരിച്ച വളർച്ചാവേഗതയിൽ ഞങ്ങൾ സന്തുഷ്ടരാണ്. പ്രവർത്തനമികവിലും ശേഷി വർദ്ധനയിലും തങ്ങൾ കാണിക്കുന്ന അചഞ്ചലമായ ശ്രദ്ധയെ പ്രതിഫലിപ്പിക്കുന്നതാണ് ഈ റിസൾട്ടെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

## സ്പൈസ് കോസ്റ്റ് മാരത്തൺ: 27 ന് പുലർച്ചെ അഞ്ചിന് കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കും

**കൊച്ചി:** സ്പൈസ് കോസ്റ്റ് മാരത്തൺ 2024 ന്റെ ഭാഗമായി ഫാമിലി ഫൺ റണ്ണേഴ്സിന്റെ സൗകര്യാർത്ഥം ഈ മാസം 27 ന് രാവിലെ അഞ്ചിന് ആലുവയിൽ നിന്ന് എംജി റോഡിലേക്കും തൃപ്പൂണിത്തുറയിൽ നിന്ന് എംജി റോഡിലേക്കും ഓരോ സ്പെഷ്യൽ മെട്രോ സർവീസ് ഉണ്ടായിരിക്കുന്നതാണ്.

തുടർന്ന് സാധാരണ ദിവസങ്ങളിലേതു പോലെ 07:30 നായിരിക്കും സർവ്വീസ് പുനരാരംഭിക്കുന്നത്.

മാരത്തോണിൽ പങ്കെടുക്കുന്നവർ കൊച്ചി മെട്രോ ടിക്കറ്റ് കൗണ്ടറിൽ മാരത്തണുമായി ബന്ധപ്പെട്ട ജേഴ്സി കാണിച്ചു സൗജന്യ യാത്ര ചെയ്യാവുന്നതാണ്. എംജി റോഡ് മെട്രോ സ്റ്റേഷനിൽ നിന്ന് മറൈൻ ഡ്രൈവിലെ വേദിയിലേക്ക് മാരത്തോണിൽ പങ്കെടുക്കുന്നവരെ കൊണ്ടുപോകാൻ രണ്ട് ലോ ഫ്ളോർ വോൾവോ ബസുകൾ സൗജന്യമായി ലഭിക്കും.

# റോറോ സർവ്വീസ്: ഏകോപനം വർധിപ്പിക്കാൻ നടപടി സ്വീകരിക്കും

**കൊച്ചി:** റോറോയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോർപ്പറേഷനും, കെ.എസ്.ഐ.എൻ.സി യും, ഷിപ്പ്യാർഡും തമ്മിലുള്ള ഏകോപനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം.

സർവ്വീസ് കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി അടുത്ത ഒരു വർഷക്കാലം പ്രതിമാസ യോഗങ്ങൾ ചേർന്ന് അവലോകനം ചെയ്യുന്നതാണ്. നിലവിൽ റിപ്പയറിലായ റോറോ വെസ്സൽ സേതുസാഗർ 2 ന്റെ അറ്റകുറ്റപ്പണികൾ ഒരാഴ്ചയ്ക്കകം തീർക്കുന്നതിനുള്ള പരിശ്രമം കെ.എസ്.ഐ.എൻ.സി യുടെയും ഷിപ്പ്യാർഡിൻറെയും ഭാഗത്തുനിന്നുമുണ്ടാകുന്നതിന് നിർദ്ദേശം നൽകി.

റോറോ സർവ്വീസിൻറെ വരവ് ചെലവു കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ പരിശോധനയക്ക് വിധേയമാക്കുന്നതാണ്. മൂന്നാമത്തെ റോറോ നിർമ്മിക്കുന്നതിനുള്ള കരാർ തൊട്ടടുത്ത ദിവസം തന്നെ നഗരസഭയും കപ്പൽശാലയും ചേർന്ന് ഒപ്പു വയ്ക്കുന്നതാണ്. ഒരു വർഷത്തിനകം മൂന്നാമത്തെ റോറോ നിർമ്മിച്ച് നൽകുന്നതിന് കൊച്ചി കപ്പൽശാല സി.എം.ഡി യോട് മേയർ അഭ്യർത്ഥിക്കുകയും ചെയ്തു.

റോറോ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കി കൊണ്ട് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നഗരസഭ പ്രതിജ്ഞാബദ്ധമാണെന്നും യോഗം വിലയിരുത്തി. കെ.എസ്.ഐ.എൻ.സി എം.ഡി ആർ ഗിരിജ ഐ.എ.എസ്, കൊച്ചിൻ ഷിപ്പ്യാർഡ് റിപ്പയർ വിഭാഗം തലവൻ സന്തോഷ് ഫിലിപ്പ്, കോർപ്പറേഷൻ സെക്രട്ടറി പി.എസ് ഷിബു, കോർപ്പറേഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

# ബിഎസ് യു വികളിൽ ഏറ്റവും കുറവ് മെയിന്റനൻസ് ചെലവ് പ്രഖ്യാപിച്ച് നിസാൻ മാഗ്നൈറ്റ്

**കൊച്ചി:** പുതിയ മാഗ്നൈറ്റിനു സെഗ്മെന്റിൽ ഏറ്റവും കുറഞ്ഞ ഇൻക്ലാസ് മെയിന്റനൻസ് ചെലവ് പ്രഖ്യാപിച്ച് നിസാൻ മോട്ടോർ ഇന്ത്യ. ഇന്ത്യയിലുടനീളമുള്ള എല്ലാ ഉപഭോക്താക്കൾക്കും ഒരു കിലോമീറ്ററിന് വെറും 39 പൈസ (50,000 കി.മീ വരെ) മെയിന്റനൻസ് ചെലവ് മാത്രമെന്നത് ബിഎസ് യു വി സെഗ്മെന്റിലെ ഏറ്റവും കുറഞ്ഞതാണ്. 3 വർഷത്തെ (1,00,000 കി.മീ വരെ) വാറന്റിയും കമ്പനി നൽകുന്നുണ്ട്. കൂടാതെ, ചുരുങ്ങിയ ചിലവിൽ 6 വർഷം വരെ (1,50,000 കി.മീ.) വരെ വാറന്റി നീട്ടാവുന്നതുമാണ്. ഈ അധിക വാറന്റിയിൽ പാർട്സ്, റിപ്പയർ, മറ്റ് ചെലവുകൾ എന്നിവ ഉൾക്കൊള്ളുന്നതാണ്.

രാജ്യവ്യാപകമായി എല്ലാ അംഗീകൃത സേവന കേന്ദ്രങ്ങളിലും പണരഹിത അറ്റകുറ്റപ്പണികൾ,

എണ്ണത്തിന് പരിധികളില്ലാതെ ക്ലെയിമുകൾ, കൂടാതെ നാല് ലേബർ ഫ്രീ സേവനങ്ങൾ എന്നിവയും അധിക ആനുകൂല്യങ്ങളിൽ ഉൾപ്പെടുന്നു. 21 ശതമാനം വരെ സേവിംഗ്സ് നൽകുന്ന പ്രീപെയ്ഡ് മെയിന്റനൻസ് പ്ലാനായ 'നിസാൻ മാഗ്നൈറ്റ് കെയറും' നിസാൻ നൽകുന്നുണ്ട്. സമഗ്രമായ അറ്റകുറ്റപ്പണി നൽകുന്ന 'ഗോൾഡ്', അടിസ്ഥാന സേവനത്തിനുള്ള 'സിൽവർ' എന്നീ രണ്ട് പ്ലാനിൽ വരുന്ന ഇത് പുതിയ ഉടമകൾക്ക് കൈമാറുകയും ചെയ്യുമാണെന്നുള്ളതിനാൽ പുനർവിൽപ്പന മൂല്യം വർദ്ധിപ്പിക്കുന്നു.

# ക്രിസ്മസ് അവധിക്കാല റെയിൽവേ ഉല്ലാസയാത്ര ഡിസംബർ 21ന്

**കൊച്ചി:** വിനോദസഞ്ചാരികൾക്കായി ക്രിസ്മസ് അവധിക്കാലത്ത് നടത്തുന്ന ടൂറിസ്റ്റ് ട്രെയിൻ യാത്ര ഡിസംബർ 21 ന് കേരളത്തിൽ നിന്ന് ആരംഭിക്കുന്നു.വിനോദസഞ്ചാരികൾ മാത്രം ഉൾപ്പെടുന്ന 12 ദിവസ യാത്രയിൽ ഗോവ, ജോധ്പൂർ, ജെയ്സാൽമീർ, ജയ്പൂർ, അജ്മീർ, ഉദയ്പൂർ, സ്റ്റാച്യു ഓഫ് യൂണിറ്റി എന്നിവിടങ്ങൾ സന്ദർശിക്കുന്നു. ഭക്ഷണം, താമസം, മറ്റ് യാത്ര സൗകര്യങ്ങൾ, ടൂർ മാനേജർ, കോച്ച്, സെക്യൂരിറ്റി ട്രാവൽ ഇൻഷുറൻസ് എന്നിവ ഉൾപ്പെടുന്ന യാത്ര ഇന്ത്യയിലെ ആദ്യ സ്വകാര്യ പ്രീമിയം ടൂറിസ്റ്റ് ട്രെയിനായ സൗത്ത് സ്റ്റാർ റെയിലിൽ ആണ് സംഘടിപ്പിക്കുന്നത്.

1 AC, 2 AC, 3 AC, സ്ലീപ്പർ എന്നിങ്ങനെ ഉള്ള എല്ലാ വിഭാഗം കോച്ചുകളും അടങ്ങുന്നതാണ് ഈ ടൂറിസ്റ്റ് ട്രെയിൻ. കൂടാതെ പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന പാൻട്രി കാർ ഉള്ളതിനാൽ ചൂടോടുകൂടിയ സൗത്ത് ഇന്ത്യൻ ഭക്ഷണവും ലഭിക്കും. 25,950/ രൂപ മുതൽ നിരക്കുകൾ ആരംഭിക്കുന്നു.കേരളത്തിൽ നിന്നും ബുക്ക് ചെയ്യുന്ന യാത്രക്കാർക്ക് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഷൊർണൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ നിന്നും ട്രെയിനിൽ കയറാവുന്നതും ഇറങ്ങാവുന്നതുമാണ്. സർക്കാർ ജീവനക്കാർക്ക് ഘഠഇ ബിൽ സൗകര്യം നൽകും. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും ബന്ധപ്പെടുക traintour.in, 7305858585.

# അപ്സ്റ്റോക്സ് ടിബിടി എഞ്ചിൻ അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര വെൽത്ത് മാനേജ്മെൻറ് സംവിധാനങ്ങളിലൊന്നും ഏറ്റവും ഉയർന്ന റേറ്റിങ് ഉള്ള ട്രേഡിങ് ആപ്പുകളിൽ ഒന്നുമായ അപ്സ്റ്റോക്സ് ചെറുകിട ട്രേഡർമാർക്കായി ടിക് ബൈ ടിക് ഡാറ്റയുടെ പിന്തുണയടക്കം അത്യാധുനീക ട്രേഡിങ് സൗകര്യങ്ങളുമായി ടിബിടി എഞ്ചിൻ അവതരിപ്പിച്ചു. ലിമിറ്റ് ഓർഡറുകൾ നൽകുക, ഓർഡറുകൾ നടപ്പാക്കുന്നത് കൂടുതൽ മെച്ചപ്പെടുത്തുക, നഷ്ടങ്ങൾ കുറക്കുക, മുൻനിരക്കാരുമായി താദാത്മ്യം പ്രാപിക്കുന്ന വിധത്തിൽ ട്രേഡു ചെയ്യുക തുടങ്ങിയവയാണ് ടിബിടി എഞ്ചിനിലൂടെ ഉദ്ദേശിക്കുന്നത്.

സ്ഥാപന നിക്ഷേപകർക്കു മാത്രം ലഭ്യമായിരുന്ന ഉന്നത നിലവാരത്തിലുള്ള ഡാറ്റ ചെറുകിട ട്രേഡർമാർക്കു ലഭിക്കാനും ഇതു വഴിയൊരുക്കും. ഇൻട്രാഡേ, ഫ്യൂചേഴ്സ് ആൻറ് ഓപ്ഷൻസ്, സ്വിങ് ട്രേഡർമാർ, ദീർഘകാല നിക്ഷേപകർ തുടങ്ങിയവയ്ക്കായി രൂപകൽപന ചെയ്ത ടിബിടി എഞ്ചിൻ തന്ത്രങ്ങൾ മെച്ചപ്പെടുത്താനും നഷ്ടസാധ്യതകൾ കുറക്കാനും ഓർഡറുകൾ നടപ്പാക്കുന്നതു മെച്ചപ്പെടുത്താനും സൗകര്യങ്ങൾ നൽകും.

ട്രേഡർമാർക്ക് ട്രേഡ് നടത്തുന്നതിനു മുൻപായി ആവശ്യമായ നിർണായക വിവരങ്ങളും ഇതിലൂടെ ലഭിക്കും.ഇന്ത്യയിലെ റീട്ടെയിൽ ട്രേഡിങ് കൂടുതൽ വിപുലമാകുന്ന സാഹചര്യത്തിൽ കൂടുതൽ കൃത്യതയുള്ളതും തൽസമയത്തിലുള്ളതുമായ ഡാറ്റ കൂടുതൽ നിർണായകമായിരിക്കുകയാണെന്ന് അപ്സ്റ്റോക്സ് സഹ സ്ഥാപകനും സിഇഒയുമായി രവി കുമാർ പറഞ്ഞു.

# ഒപ്യുലൻസ് കളക്ഷൻ വിപണിയിലിറക്കി ഫാസ്റ്റ്ട്രാക്ക്

**കൊച്ചി :** യൂത്ത് വാച്ച് ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് പുതിയ പാർട്ടി വാച്ച് ശേഖരമായ ഒപ്യുലൻസ് കളക്ഷൻ പുറത്തിറക്കി. ആഘോഷരാവുകൾ കൂടുതൽ നേരത്തേക്ക് നിലനിർത്തി ആഘോഷിക്കാൻ ആഗ്രഹിക്കുന്നവർക്കായി പ്രത്യേകം ഡിസൈൻ ചെയ്തിട്ടുള്ളവയാണ് ഈ വാച്ച് ശേഖരം. സ്ത്രീകൾക്കും പുരുഷൻമാർക്കും അനുയോജ്യമായ തരത്തിലുള്ള നിരവധി സ്റ്റൈലുകളിലുള്ള വാച്ചുകൾ ഈ ശേഖരത്തിൽ ലഭ്യമാണ്. പുരുഷൻമാർക്കുള്ള ഫാസ്റ്റ്ട്രാക്കിൻറെ ആദ്യ സൺമൂൺ ക്രോണോഗ്രാഫോടുകൂടിയ വാച്ചും ഒപ്യുലൻസ് ശേഖരത്തിൻറെ ഭാഗമാണ്. പകലിൽ നിന്നും രാത്രിയിലേക്കുള്ള മാറ്റത്തെ അനായാസമായി കൈകാര്യം ചെയ്യാൻ ഉപഭോക്താവിനെ സഹായിക്കുന്നു എന്നതാണ് ഈ വാച്ചിൻറെ പ്രത്യേകത.



ബ്രേസ്‌ലറ്റ് ശൈലിയിലുള്ള വാച്ചുകളാണ് ഒപ്യുലൻസ് കളക്ഷനിൽ സ്ത്രീകൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്. പാർട്ടികൾക്ക് ഏറ്റവും അനുയോജ്യമായവയാണ് ഈ വാച്ചുകൾ.തങ്ങളുടെ ആഘോഷ നേരങ്ങളെ മറ്റൊരു തലത്തിലേക്ക് ഉയർത്താൻ ആഗ്രഹിക്കുന്നവർക്കായുള്ള ഒപ്യുലൻസ് കളക്ഷനിലെ വാച്ചുകൾ 5795 രൂപ മുതൽ ലഭ്യമാണ്.

ഫാസ്റ്റ്ട്രാക്ക് സ്റ്റോറുകളിൽ നിന്നോ ഫാസ്റ്റ്ട്രാക്ക് ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് ഓൺലൈനായോ ടൈറ്റൻ വേൾഡ് സ്റ്റോറുകളിൽ നിന്നോ മറ്റ് അംഗീകൃത ഡീലർമാരിൽ നിന്നോ ഒപ്യുലൻസ് ശേഖരത്തിലെ വാച്ചുകൾ വാങ്ങാൻ സാധിക്കും.പകൽ നേരത്ത് നിന്നും രാത്രിയിലേക്കുള്ള മാറ്റത്തെ അനായാസമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന തരത്തിൽ രണ്ടു നേരങ്ങളിലെ ആഘോഷങ്ങൾക്കും അനുയോജ്യമായ വാച്ച് ശേഖരമാണ് ഫാസ്റ്റ്ട്രാക്കിൻറെ ഒപ്യുലൻസ് കളക്ഷനിള്ളതെന്ന് ഫാസ്റ്റ്ട്രാക്ക് മാർക്കറ്റിംഗ് മേധാവി ഡാനി ജേക്കബ് പറഞ്ഞു.

# റിലയൻസ് ഡിജിറ്റലിന്റെ ഫെസ്റ്റിവൽ ഓഫ് ഇലക്ട്രോണിക്സ്

**കൊച്ചി:** ദീപാവലി ആഘോഷങ്ങൾ ഗംഭീരമാക്കാൻ റിലയൻസ് ഡിജിറ്റലിന്റെ ഫെസ്റ്റിവൽ ഓഫ് ഇലക്ട്രോണിക്സ് സെയിൽ. 2024 നവംബർ 3 വരെ പ്രമുഖ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന ഇടപാടുകൾക്ക് 15000 വരെ ഇൻസ്റ്റന്റ് ഡിസ്കൗണ്ട് ആസ്വദിക്കാം. ഈ ഓഫർ രാജ്യത്തുടനീളമുള്ള റിലയൻസ് ഡിജിറ്റൽ/ മൈ ജിയോ സ്റ്റോറുകളിലും reliancedigital.in വഴി ഓൺലൈനിലും ബാധകമാണ്. കൂടാതെ, ഇൻസ്റ്റോർ ഷോപ്പേഴ്സിന് ഒന്നിലധികം ഫിനാൻസ് ഓപ്ഷനുകളും 22500 വരെയുള്ള ആനുകൂല്യങ്ങളും ലഭിക്കും.കൂടുതൽ വാങ്ങൂ, കൂടുതൽ ലാഭിക്കൂ' ഓഫർ വഴി വീട്ടു സാധനങ്ങളിലും അടുക്കള ഉപകരണങ്ങളിലും കൂടുതൽ ലാഭം നേടൂ. ഈ ഓഫറിലൂടെ ഉപഭോക്താക്കൾക്ക് 1 വാങ്ങുമ്പോൾ 5% കിഴിവും, 2 വാങ്ങുമ്പോൾ 10% കിഴിവും, 3 അല്ലെങ്കിൽ അതിനു മുകളിൽ വാങ്ങുമ്പോൾ 15% കിഴിവും സഹിതം അൺലിമിറ്റഡ് ഡിസ്കൗണ്ട് നേടാം.

## പ്രവർത്തനം വിപുലീകരിച്ച് കോണേ ഇന്ത്യ

**തിരുവനന്തപുരം:** കേരളത്തിൽ പ്രവർത്തനം വിപുലീക്കാനൊരുങ്ങി എസ്കലേറ്റർ, ഓട്ടോമേഷൻ സൊല്യൂഷൻസ് നിർമ്മാതാക്കളായ കോണേ എലവേറ്റേഴ്സ് ഇന്ത്യ. ഇതിന്റെ ഭാഗമായി പുതിയ ഓഫീസ് തിരുവനന്തപുരത്ത് തുറന്നു. മേഖലയിലെ ഉപഭോക്താക്കൾക്കു മെച്ചപ്പെട്ട സേവനത്തിന് ഊന്നൽ നൽകുക എന്നതാണ് ലക്ഷ്യം.കോണേ ഇന്ത്യയുടെ നിലവിലുള്ള പദ്ധതികളായ സൺ ടെക് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, എസ് എഫ്എസ് റിട്രീറ്റ്, ഫേവറിറ്റ് ഹോംസ്, ടെക്നോ പാർക്ക്, ഇൻഫോസിസ്, തിരുവനന്തപുരത്തെ ആർടെക് പ്രോജക്റ്റുകൾ, പോലെയുള്ളതാണ് ഉള്ളൂർആക്കുളം റോഡിലാരംഭിച്ച പുതിയ ഓഫീസും. എലിവേറ്റർ ഡിസൈൻ, ഫീച്ചറുകൾ, സാങ്കേതികവിദ്യ എന്നിവയുടെ ഒരു പ്രദർശന കേന്ദ്രം കൂടിയാണിത്. കോണേ ഇന്ത്യയുടെ സെയിൽസ്, ഇൻസ്റ്റാളേഷൻ, സർവീസ് ടീമുകൾ, പ്രാദേശികമായി, തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് സർവീസ് നൽകും.

# എസ്ബിഐ ലൈഫ് ഇൻഷുറൻസിന് 15,725 കോടിയുടെ ബിസിനസ് പ്രീമിയം

SBI Life
Apne liye. Apno ke liye.

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ എസ്ബിഐ ലൈഫ് ഇൻഷുറൻസ് 2024 സെപ്റ്റംബർ 30ന് അവസാനിച്ച കാലയളവിൽ 15,725 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. മുൻ വർഷം ഇതേ കാലയളവിലിത് 16,262 കോടി രൂപയായിരുന്നു. റെഗുലർ പ്രീമിയം 2023 സെപ്തംബർ 30 കാലയളവിനെ അപേക്ഷിച്ച് 11 ശതമാനം വർധിച്ച പരിരക്ഷയിൽ വ്യക്തമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് 2024 സെപ്തംബർ 30ന് അവസാനിച്ച കാലയളവിൽ എസ്ബിഐ ലൈഫിൻറെ പരിരക്ഷ പുതിയ ബിസിനസ് പ്രീമിയം 1,717 കോടി രൂപയായി. പരിരക്ഷ വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 324 കോടി രൂപയാണ്. വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 2023 സെപ്റ്റംബർ 30ന് അവസാനിച്ച കാലയളവിനെ അപേക്ഷിച്ച് 13 ശതമാനം വർധിച്ച് 11,490 കോടി രൂപയായി.

2024 സെപ്റ്റംബർ 30ന് അവസാനിച്ച കാലയളവിൽ 1,049 കോടി രൂപയാണ് എസ്ബിഐ ലൈഫിൻറെ അറ്റാദായം. ഈ കാലയളവിൽ ക്ലയിം തീർപ്പാക്കാനുള്ള കമ്പനിയുടെ സാമ്പത്തിക ഭദ്രതയും ശേഷിയും (സോൾവൻസി അനുപാതം) റെഗുലേറ്ററി ആവശ്യകതയായ 1.50 നേക്കാൾ ഉയർന്ന് 2.04 എന്ന നിലയിൽ തുടരുകയാണ്.എസ്ബിഐ ലൈഫ് കൈകാര്യം ചെയ്യുന്ന ആസ്തി 2023 സെപ്റ്റംബർ 30 കാലയളവിലെ 3,45,147 കോടി രൂപയിൽ നിന്നും 60:40 ഡെറ്റ്ഇക്വിറ്റി അനുപാതത്തോടെ 27 ശതമാനം വർധിച്ച് 4,38,954 കോടി രൂപയായി ഉയർന്നു. ഡെറ്റ് നിക്ഷേപത്തിൻറെ 95 ശതമാനത്തിലധികം എഎഎ, സോവറിൻ ഇൻസ്ട്രമെൻറുകളിലാണ്.കമ്പനിക്ക് രാജ്യത്തുടനീളമുള്ള 1,082 ഓഫീസുകളുടെ വിപുലമായ സാന്നിധ്യവും പരിശീലനം നേടിയ 3,33,080 ഇൻഷുറൻസ് പ്രൊഫഷണലുകളുടെ വൈവിധ്യമാർന്ന വിതരണ ശൃംഖലയുമുണ്ട്. ശക്തമായ ബാങ്കഷ്വറൻസ് ചാനൽ, ഏജൻസി ചാനൽ, കോർപ്പറേറ്റ് ഏജൻറുമാർ, ബ്രോക്കർമാർ, പോയിൻറ് ഓഫ് സെയിൽ (പിഒഎസ്) വ്യക്തികൾ, ഇൻഷുറൻസ് മാർക്കറ്റിങ് സ്ഥാപനങ്ങൾ, വെബ് അഗ്രഗേറ്ററുകൾ, നേരിട്ടുള്ള ബിസിനസ്സ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

# കൊച്ചിയിൽ നിന്ന് കൂടുതൽ നഗരങ്ങളിലേയ്ക്ക് ഇൻഡിഗോ

**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡിന്റെ 2024 ശൈത്യകാല സമയക്രമത്തിൽ മികച്ച കണക്റ്റിവിറ്റിയുമായി ഇൻഡിഗോ. പുതുക്കിയ സമയക്രമ പ്രകാരം പ്രതിദിനം 80 ഇൻഡിഗോ വിമാനങ്ങളാണ് വിവിധ അന്താരാഷ്ട്ര, ആഭ്യന്തര ലക്ഷ്യസ്ഥാനങ്ങളിലേക്കും കൊച്ചിയിലേക്കും സർവീസ് നടത്തുന്നത്.സിയാലിന്റെ 2024 ശൈത്യകാല സമയക്രമത്തിൽ, ഇൻഡിഗോ കൊച്ചിയിൽ നിന്ന് അന്താരാഷ്ട്ര സെക്ടറിൽ, 41 പ്രതിവാര സർവീസുകളാണ് നടത്തുക. അബുദാബി, മസ്കറ്റ്, മാലി, ദോഹ, ദുബായ്, കൊളംബോ, കുവൈറ്റ് തുടങ്ങിയ പ്രധാന ആഗോള ലക്ഷ്യസ്ഥാനങ്ങളുമായാണ് കണക്റ്റിവിറ്റി. ഡൽഹി, റായ്പൂർ, മുംബൈ, പൂനെ, അഹമ്മദാബാദ്, ഭോപ്പാൽ, ചണ്ഡീഗഡ്, കൊൽക്കത്ത, ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ്, ഗോവ, അഗത്തി, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, എന്നീ പ്രധാന നഗരങ്ങളിലേക്കും ദിവസേന സർവീസുകൾ നടത്തി വരുന്നു. 220 പ്രതിവാര സർവീസുകളാണ് ആഭ്യന്തര സെക്ടറിൽ ഇൻഡിഗോ കൊച്ചി വിമാനത്താവളത്തിൽ നിന്ന് ക്രമീകരിച്ചിട്ടുള്ളത്

